# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ–ഓർഡിനേഷൻ സമിതി

## 03.11.2011-ന് 3 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V –D കോൺഫറൻസ് ഹാളിൽ കൂടിയ യോഗത്തിന്റെ നടപടികുറിപ്പ്

കോ–ഓർഡിനേഷൻ സമിതി ചെയർപേഴ്സൺ ഐ.റ്റി & അർബൻ അഫയേഴ്സ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആർ.ഡി & പ്ലാനിംഗ് വകുപ്പ് മന്ത്രി, പഞ്ചായത്ത് & സാമൂഹ്യ ക്ഷേമ വകുപ്പു മന്ത്രി, സെക്രട്ടറി (പ്ലാനിംഗ്), സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (എസ്.സി & എസ്.റ്റി) പഞ്ചായത്ത് ഡയറക്ടർ, റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ എന്നിവരും മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

അജണ്ട പ്രകാരമുള്ള വിഷയങ്ങളിൽ താഴെപറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു.

**1.1 2011–12 വാർഷിക പദ്ധതി – പുരോഗതി അവലോകനം**

ഗ്രാമപഞ്ചായത്തുകൾ: പഞ്ചായത്ത് ഡയറക്ടർ

ഗ്രാമപഞ്ചായത്തുകൾക്ക് വികസനഫണ്ട് 6 ഗഡു നൽകുകയയുണ്ടായി. പദ്ധതി വിഹിതത്തിന്റെ 15% തുക ചെലവഴിക്കാനായിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത്: ഗ്രാമവികസന കമ്മീഷണർ

വികസനഫണ്ടിന്റെ 12.8% ചെലവാക്കാൻ കഴിഞ്ഞതായി അറിയിച്ചു.

ജില്ലാ പഞ്ചായത്ത്/കോർപ്പറേഷൻ : അടുത്ത യോഗത്തിൽ അവതരിപ്പിക്കുമെന്ന് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

മുനിസിപ്പാലിറ്റി : നഗരകാര്യ ഡയറക്ടർ (അടുത്ത യോഗത്തിൽ)

**2.1 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽ നം. 46841/എ.സി.3/10/തസ്വഭവ)**

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ 160/08 നമ്പർ പ്രോജക്ട് സംബന്ധമായ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി ചെലവുചെയ്ത നടപടി അംഗീകരിച്ച് ഉത്തരവ് നൽകുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.2 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽ നം. 1553/ഐ.ബി.1/11/തസ്വഭവ)**

ഐ.കെ.എം HP India Sales (P) Ltd എന്ന സ്ഥാപനവുമായി ഉണ്ടാക്കിയ എ.എം.സി. കരാർ പ്രകാരം ജില്ലയിലെ പഞ്ചായത്തുകൾ അടയ്ക്കേണ്ട തുക സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.3 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (DO.PSTDPPTA/139))**

നിലവിലുള്ള മാർഗനിർദേശങ്ങൾ പ്രകാരം എയ്ഡഡ് സ്ക്കൂളുകൾക്ക് ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 17198/ഡി.ബി.1/11/തസ്വഭവ)**

ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ നിർവഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുന്നതിനും ഏതൊക്കെ കോഴ്സാണ് നടത്തുന്നതെന്നുമുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.5 ഇടുക്കി ജില്ലാ പഞ്ചായത്ത് (ഫയൽ നം. 39344/ഡി.ബി1/11/തസ്വഭവ)**

ജില്ലാ പഞ്ചായത്തിന്റെ ഇ–കൃഷി സംബന്ധിച്ച പദ്ധതികൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് കൃഷി വകുപ്പിൽ നിന്നും ഐ.കെ.എം.–ൽ നിന്നും ലഭ്യമാക്കുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.6 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 17748/ഡി.എ1/11/തസ്വഭവ)**

റോഡ് പണിക്കാവശ്യമായ ബിറ്റുമെൻ ഈ സാമ്പത്തിക വർഷം വാങ്ങി നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ നിരസിച്ചു. അടുത്ത വർഷം മുതൽ നടപ്പാക്കണമോ എന്നുള്ള കാര്യം ഡിപ്പാർട്ട്മെന്റ് പരിശോധിക്കുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.7 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 9439/ഡി.ബി.1/11/തസ്വഭവ)**

ജില്ലാ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ച് 50,000/– രൂപ ചെലവു ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്ത് വിഭാവന ചെയ്തിരിക്കുന്ന ജില്ലാ പഞ്ചായത്ത് സഭയുടെ നടത്തിപ്പ് മോണിട്ടർ ചെയ്യേണ്ടതാണെന്നും വിജയപ്രദമാണെങ്കിൽ ഭാവിയിൽ എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും ബാധകമാക്കാമോ എന്നു പരിശോധിക്കേണ്ടതാണെന്നും നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.8 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 47772/എഫ്.എം.1/11/തസ്വഭവ)**

| | | | |
|---|---|---|---|
| 1 | അമ്മാനപ്പാറ – പച്ചേനി – തിരുവട്ടൂർ – ചപ്പാരപ്പടവ് റോഡ് | : | തനത് ഫണ്ടിൽ വകയിരുത്തിയിരുന്ന 12,25,840 രൂപയിൽ ചെലവാക്കേണ്ടിയിരുന്ന 34,673 രൂപ മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത നടപടി. |
| 2 | പൂവ്വം – കട്ടാനമ്പള്ളി – കൂവേരി ചപ്പാരപ്പടവ് റോഡ് | : | തനത് ഫണ്ടിൽ വകയിരുത്തിയിരുന്ന 87,400 രൂപയിൽ ചെലവാക്കേണ്ടിയിരുന്ന 68,249 രൂപ മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത നടപടി. |

| | | | |
|---|---|---|---|
| 3 | കുറ്റിയേരി തൂക്കുപാലം മാവിച്ചേരി ചെറയന്നൂർ റോഡ് അറ്റകുറ്റപ്പണി | : | എസ്റ്റിമേറ്റ് 820000–ൽ നിന്നും 913843 ആയി റിവൈസ് ചെയ്ത് വികസനഫണ്ട് വിനിയോഗിച്ചത് |
| 4 | ആലങ്ങോട് കാപ്പിമല റോഡ് ഉപരിതലം പുതുക്കൽ | : | എസ്റ്റിമേറ്റ് 68,00,000 നിന്നും 73,97,723ആയി റിവൈസ് ചെയ്ത് വികസനഫണ്ട് വിനിയോഗിച്ചത് |
| 5 | പാലക്കോട് ഫിഷ് ലാന്റിംഗ് സെന്ററിനുവേണ്ടി സ്ഥലമെടുപ്പ് പദ്ധതി | : | നടപ്പാക്കാൻ കഴിയാത്ത മറ്റ് പദ്ധതികളിൽ നിന്നും വകമാറ്റി 11,00,000 രൂപ റവന്യൂ അധികാരികൾക്ക് വികസനഫണ്ടിൽ നിന്നും അടച്ച നടപടി. |
| 6 | ആയിരം തെങ്ങ് അയ്യേത്ത് എസ്.സി. കോളനി റോഡ് പുനരുദ്ധാരണം | : | വികസനഫണ്ടിൽ ഉൾപ്പെടുത്തി 8,00,000 രൂപയുടെ പദ്ധതി പൂർത്തിയായപ്പോൾ 8,18,382 ആയതിനാൽ 18382 രൂപ തനത് ഫണ്ടിൽ ഉൾപ്പെടുത്തിയത്. |
| 7 | കണ്ണൂർ ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ ചുറ്റുമതിൽ അറ്റകുറ്റപ്പണി | : | മെയന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട് ഉപയോഗിച്ച തെറ്റായ നടപടി. |

ജില്ലാ പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് നൽകുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.9 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 8996/ഡി.ബി.1/11/തസ്വഭവ)**

ഭൂരഹിതരായ 6 പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമി നൽകിയ പദ്ധതി അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.10 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 19636/ഡി.ബി.1/11/തസ്വഭവ)**

വാകേരി വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിലെ വാട്ടർ ടാങ്ക് ഉപയോഗയോഗ്യമാക്കിയതിന് അനുമതിയില്ലാതെ 17500 രൂപ ചെലവ് ചെയ്തത് അംഗീകരിക്കുന്നതിനും മെയന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഇത്തരം കേടായ സേവനോപാധികൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്തേണ്ടതാണെന്നും വയനാട് ജില്ലാ പഞ്ചായത്തിനെ അറിയിക്കുന്നതിനും നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.11 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 21397/എഫ്.എം.1/11/തസ്വഭവ)**

സ്വയം തൊഴിലോ, വേതന തൊഴിലോ ഉറപ്പുള്ള മേഖലകളിൽ മാത്രമേ പരിശീലനം സംഘടിപ്പിക്കാവൂ എന്നതിനാൽ SLTG നിരസിച്ച പദ്ധതിയിൽ ട്രെയിനിംഗ് മറ്റ് ഏജൻസികൾ നൽകുന്നുണ്ടോ എന്നു കൂടി പരിശോധിച്ച് റിപ്പോർട്ട് ലഭിച്ച ശേഷം അടുത്ത യോഗത്തിൽ പരിഗണിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.12 കാസർഗോഡ് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 8487/ഡി.ബി.1/11/തസ്വഭവ)**

ഇ.എം.എസ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയതിൽ മിച്ചം വന്ന 50 ലക്ഷം രൂപ വിനിയോഗിച്ച് ജില്ലയിലെ എൻഡോ സൾഫാൻ ദുരിത ബാധിതർക്ക് വീട് നിർമ്മിക്കുന്നതിന് 1.25 ലക്ഷം രൂപ വീതം നൽകുന്നതിനുള്ള പദ്ധതി, സ്രോതസ്സ് സംബന്ധിച്ചും മറ്റുമുള്ള വ്യക്തമായ പ്രോജക്ട് തയ്യാറാക്കി ഡി.പി.സി.ക്കു നൽകുന്നതിന് നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.13 ആയുർവേദ ആശുപത്രികൾക്ക് ഔഷധങ്ങൾ പാട്യം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നിന്ന് വാങ്ങുന്നതിന് (ഫയൽ നം. 22761/ഡി.എ.1/11/തസ്വഭവ)**

അനുമതി 31.07.2011 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.14 കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 50342/ഡി.ഡി2/10/തസ്വഭവ)**

ഗ്രാമവികസന കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പണി പൂർത്തിയാക്കിയ പദ്ധതിക്ക് ധാന്യ വിഹിതത്തിന് തുല്യമായ തുക നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.15 പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.12070/എഫ്.എം.2/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തുകളുടെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അതാതു ഗ്രാമപഞ്ചായത്തുകൾ മുഖേന അംഗൻവാടികളുടെ മെയിന്റനൻസ് നടത്താവുന്നതാണെന്ന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.16 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.47819/എഫ്.എം.1/തസ്വഭവ)**

അടുത്ത യോഗത്തിൽ വിശദമായ കുറിപ്പ് സഹിതം നൽകുന്നതിന് മാറ്റി വച്ചു.

(നടപടി: സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്)

**2.17 അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.33371/ഡി.എ3/10/തസ്വഭവ)**

വ്യക്തിഗത ആനുകൂല്യങ്ങൾ നൽകാനാവില്ല. കഴിവ് വികസിപ്പിക്കുന്ന (skill development) തിനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.18 കൊടകര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.34946/ഡി.ഡി.2/11/തസ്വഭവ)**

'വിദ്യാജ്യോതി' തുടർന്നും നടപ്പാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.19 കോയിപ്രം ഗ്രാമപഞ്ചായത്ത്  (ഫയൽ നം. 39302 (ഡി.എ2)**

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് ഉപയോഗിച്ച് പദ്ധതി തയ്യാറാക്കി ഡി.പി.സി. അനുവാദത്തോടെ നടപ്പാക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.20 വേലൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.37576/ഡി.ബി.3/11/തസ്വഭവ)**

അനുമതി കൂടാതെ ആംബുലൻസ് വാങ്ങിയ നടപടി ക്രമവിരുദ്ധമാണ്. ആംബുലൻസ് അടിയന്തിരമായി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ആവർത്തന ചെലവുകൾ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്നതിന് അനുമതി ഉണ്ടായിരിക്കുന്നതല്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.21 എഴിക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 360066/ഡി.എ2)**

സൈക്കിൾ വാങ്ങി നൽകുന്ന പദ്ധതിക്ക് അനുമതി നൽകേണ്ടതില്ല. Skill Development പ്രോജക്ടുകൾ നടപ്പാക്കേണ്ടതാണ്.

**2.22 താനൂർ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 50297/ഡി.എ2/11/തസ്വഭവ)**

പദ്ധതി നിർവഹണ മാർഗരേഖയിൽ നിന്നുള്ള മാറ്റം ക്രമവിരുദ്ധമാണെങ്കിലും മേലിൽ ആവർത്തിക്കരുതെന്ന താക്കീതോടെ നടപ്പാക്കിയ പദ്ധതിക്ക് സാധൂകരണം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.23 കള്ളാർ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 31154/ഡി.എ2/11/തസ്വഭവ)**

പദ്ധതിക്കായി 2010–11 ൽ തുക വകയിരുത്തിയത് സംബന്ധിച്ചും വകമാറ്റി ചെലവഴിച്ചതു സംബന്ധിച്ചുമുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.24 അയലൂർ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 37686/എഫ്.എം.1/11/തസ്വഭവ)**

കേസ് സംബന്ധമായ കൂടുതൽ വിവരം ലഭ്യമാക്കുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.25 തുറയൂർ ഗ്രാമ പഞ്ചായത്ത് (ഫയൽ നം.34969/എഫ്.എം.2/11/തസ്വഭവ)**

കഴിഞ്ഞവർഷത്തെ തനതു ഫണ്ടിന്റെ 10% ൽ കൂടുതൽ ഉപയോഗിച്ച് പദ്ധതി തയ്യാറാക്കാൻ പാടില്ല എന്ന നിർദ്ദേശം ഇപ്പോൾ നിലവിലില്ല.

**2.26 കുട്ടമ്പുഴ ഗ്രാമ പഞ്ചായത്ത് (ഫയൽ നം.53554/ഡി.എ.2/11/തസ്വഭവ)**

ടൂറിസം സംബന്ധിച്ച് പഠനം, മേള എന്നിവയ്ക്കുള്ള പദ്ധതിക്ക് അംഗീകാരം നൽകേണ്ടതില്ല.

**2.27 ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് (ഫയൽ നം.7880/ഇ.എം.1/11/തസ്വഭവ)**

പഞ്ചായത്ത് അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് പഞ്ചായത്തു സെക്രട്ടറിക്ക് നൽകാവുന്നതാണെന്നും അതിനുള്ള ചെലവ് തനതുഫണ്ടിൽ നിന്നും നൽകാവുന്നതാണെന്നും നിർദ്ദേശം നൽകാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.28 മാങ്കുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം.43191/ഡി.ബി.1/11/തസ്വഭവ)**

ഏതു തലത്തിൽ ഉള്ള നേട്ടങ്ങൾ നേടിയവർക്ക് സമ്മാനം നൽകാം എന്നതു സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമായതിനാൽ തൽക്കാലം പദ്ധതിക്ക് അംഗീകാരം നൽകേണ്ടതില്ല. ഇത്തരം പദ്ധതികൾക്ക് പൊതുമാനദണ്ഡം ആവശ്യമാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.29 ചെറുകാവ് ഗ്രാമ പഞ്ചായത്ത് (ഫയൽ നം.43438/ഡി.എ.1/11/തസ്വഭവ)**

അപേക്ഷ അംഗീകരിച്ച് തനതുഫണ്ടിൽ നിന്നും തുക ചെലവു ചെയ്യുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.30 കായക്കൊടി ഗാമ പഞ്ചായത്ത് (ഫയൽ നം.50411/എഫ്.എം.3/09/തസ്വഭവ)**

വൈദ്യുത ചാർജ്ജ് തുടങ്ങിയ ആവർത്തന ചെലവുകൾ ഭാവിയിൽ ഗുണഭോക്തൃ സമിതി കണ്ടെത്തേണ്ടതാണെന്ന നിബന്ധനയോടെ പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും ഒടുക്കുയ നടപടിക്ക് സാധൂകരണം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.31 മംഗൽപാടി ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 37675/എഫ്.എം.1/11/തസ്വഭവ)**

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.32 അയർക്കുന്നം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 49309/ ഡി.എ2)**

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതി വനിതകൾക്ക് നേരിട്ടു പ്രയോജനം ലഭിക്കുന്നതല്ലാത്തതിനാൽ നിരസിക്കുന്നു. പൊതു സെക്ടറിൽ ഇപ്പോൾ തന്നെ ഇത്തരം പദ്ധതികൾ നിലവിലുണ്ട്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.33 പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 48778)**

ജനറൽ വിഭാഗത്തിന്റെ സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ച് ബന്ധപ്പെട്ട സൊസൈറ്റിയിൽ അംഗത്വമുള്ള വനിതകൾ ഗുണഭോക്താക്കളായിരിക്കണം എന്ന വ്യവസ്ഥയിൽ അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.34 കുന്നത്തൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 44264/ഡി.എ1)**

മോട്ടോർ ഘടിപ്പിച്ച യാത്രാ സഹായി (സ്കൂട്ടർ) ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്ക് നൽകാവുന്നതാണെന്ന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.35 വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്   (ഫയൽ നം.55156/ഡി.എ.2/11/തസ്വഭവ)**

സമഗ്ര കുടുംബ വിവരശേഖരണ പദ്ധതി ക്ക് അനുമതി നൽകുന്നതിന് നിശ്ചയിച്ചു. വിശദാംശങ്ങൾ പഞ്ചായത്ത് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

**2.36 ചവറ തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് കടത്തുവള്ളം അനുവദിക്കണമെന്ന നിവേദനം (ഫയൽ നം.33637/എഫ്.എം.3/11/ തസ്വഭവ)**

ഫെറി നിർമ്മിക്കുന്നതിനാവശ്യമായ 1.3 ലക്ഷം രൂപ തനതു ഫണ്ടിൽ നിന്നും ഉപയോഗിക്കുന്നതിന് നിർദ്ദേശിക്കുന്നു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.37 പെരുവയൽ ഗ്രാമപഞ്ചായത്ത്  (ഫയൽ നം.43721/ഡി.എ.2)**

വിദ്യാർത്ഥികളുടെ skill development-ന് ഉപയുക്തമാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാൻ നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.38 തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് (ഫയൽ നം.9590/ഐ.എ1)**

ആശ്രയ പദ്ധതിയുടെ പൂർത്തീകരണത്തിന് കാലാവധി 2012 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.39 മഞ്ചേരി നഗരസഭ  (ഫയൽ നം.366/എ.സി3/10/തസ്വഭവ)**

ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്ര സ്ക്കൂട്ടർ നൽകിയത് അംഗീകരിക്കുന്നു. സഗരസഭ തീരുമാനം ലഭ്യമാക്കതെ സർക്കാർ നിർദ്ദേശം മറി കടന്ന് പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.40 ചാലക്കുടി നഗരസഭ (ഫയൽ നം.40615/ഡി.ബി.3/11/ തസ്വഭവ)**

നഗരസഭയുടെ ആവശ്യം പരിഗണനാർഹമല്ല. 10 ലക്ഷം രൂപയിൽ അധികരിക്കാത്ത തുക വാഹനം വാങ്ങുന്നതിന് ചെലവഴിക്കാവുന്നതാണെന്ന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.41 നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി (ഫയൽ നം.2969/ഡി.ബി3/2011/തസ്വഭവ)**

പരിഹാര തുക 2011–12 വർഷത്തെ പദ്ധതിയിൽ ഉൾക്കൊള്ളിച്ച വിവരം മുനിസിപ്പൽ ഡയറക്ടറെ അറിയിക്കണമെന്ന വ്യവസ്ഥയിൽ അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.42 നീണ്ടകര ക്യാൻസർ കെയർ സെന്റർ (ഫയൽ നം. 40190/എഫ്.എം.2/11/തസ്വഭവ)**

പ്രൊപ്പോസൽ അംഗീകരിച്ചു. പ്രസ്തുത നിരക്കിൽ ധനസഹായം നൽകാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.43 പുനലൂർ നഗരസഭ (ഫയൽ നം.45056/എഫ്.എം.1/2011/തസ്വഭവ)**

29.03.2011–ലെ 18771/ഡി.എ1/11/തസ്വഭവ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി.ക്ക് അംഗീകരിച്ച് നൽകാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.44 കൊച്ചി നഗരസഭ (ഫയൽ നം.49798/ഡി.എ1/2011/തസ്വഭവ)**

18771/ഡി.എ1/11/തസ്വഭവ തീയതി സർക്കുലറിന്റെ അടിസ്ഥാനത്തിൽ കണക്ക് ശരിയാക്കി ഡി.പി.സി.യുടെ അംഗീകാരം നേടാവുന്നതാണ്

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.45 കൊല്ലം കോർപ്പറേഷൻ (ഫയൽ നം.35618/എഫ്.എം.2/11/തസ്വഭവ)**

അംഗീകാരം നൽകാതെ തുക ചെലവു ചെയ്തതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുക ചെലവുചെയ്ത നടപടി കർശനമായ താക്കീതോടെ അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.46 'ഏജസ്' – അക്രഡിറ്റേഷൻ (ഫയൽ നം.22665/ഡി.എ1/2010/തസ്വഭവ)**

ഈ സെക്ടറിൽ മുൻകാല പ്രവർത്തന പരിചയം വളരെ കുറവായതിനാൽ അക്രഡിറ്റേഷൻ നൽകേണ്ടതില്ലെന്ന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.47 കുംഭാര സമുദായം സമർപ്പിച്ച ആവശ്യങ്ങൾ (ഫയൽ നം. 12096/ഡി.എ1/10/തസ്വഭവ**

ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും സർക്കാർ മാനദണ്ഡമനുസരിച്ച് സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ടുകൾ ഡി.പി.സി. അംഗീകാരത്തോടെ നടപ്പാക്കാവുന്നതതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.48 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP) (ഫയൽ നം. 28137/ഡി.എ1/10/ തസ്വഭവ**

കാലിത്തീറ്റയുടെ വിലിയിൽ വന്ന വർദ്ധന പരിഗണിച്ചും പശുക്കുട്ടികൾ ഗർഭം ധരിച്ച് പ്രസവിക്കുന്നതുവരെ പരിചരണം (32 മാസം) ആവശ്യമാണെന്നതു പരിഗണിച്ചും ഈ പദ്ധതിയിലൂടെ സബ്സിഡി പരിധി 2011–12 വർഷം മുതൽ 75000/– രൂപയിൽ നിന്നും 12500/–രൂപയായി വർദ്ധിപ്പിക്കണമെന്ന മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ ശുപാർശ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.49 ഡി.പി.സി. കോട്ടയം (ഫയൽ നം. 52219/ ഡി.എ1/11/ തസ്വഭവ**

വനിതാ ഘടകപദ്ധതിയിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർരേഖയ്ക്കു പുറമെ നിർദ്ദേശം ഉണ്ടെങ്കിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.50 SIDCO – മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അക്രഡിറ്റേഷൻ നൽകുന്നത് (ഫയൽ നം. 29080/ഡി.എ1/11/ തസ്വഭവ)**

മുൻപരിചയം ഇല്ലാത്ത മേഖല ആയതിനാൽ അക്രഡിറ്റേഷൻ നൽകേണ്ടതില്ല എന്ന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.51 പാലക്കാട് നഗരസഭ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രീ–മെട്രിക് ഹോസ്റ്റൽ (ഫയൽ നം. 62324/ഡി.ബി2/10/തസ്വഭവ)**

നിലവിലുള്ള ഹോസ്റ്റലിൽ ഒഴിവുള്ളതിനാൽ എസ്.സി പട്ടികജാതി വിഭാഗത്തിനു മാത്രമായി ഒരു പുതിയ ഹോസ്റ്റൽ കെട്ടിടത്തിന് സാംഗത്യമില്ല എന്ന് വിലയിരുത്തുന്നു. നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.52 2009 മാർച്ച് 31–ലെ സി & എ.ജി.യുടെ റിപ്പോർട്ടിലെ പരാമർശം–**

**(ഫയൽ നം.21266/എഫ്.എം2/11/തസ്വഭവ)**

തദദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനറൽ/എസ്.സി.എസ്.പി /റ്റി എസ് പി വിഭാഗങ്ങൾക്കായി അടുത്ത സാമ്പത്തിക വർഷം മുതൽ പ്രത്യേകം പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിന് തീരുമാനിച്ചു. ഇതിനാവശ്യമായ ഗവൺമെന്റ് ഉത്തരവ് ഫിനാൻസ് വകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ്)

**2.53 തൃശൂർ ജില്ലയിൽ നടപ്പിലാക്കി വരുന്ന മഴപ്പൊലിമ പദ്ധതി (ഫയൽ നം.28903/ എഫ്.എം3/11/തസ്വഭവ)**

കിണറുകൾ റീചാർജ്ജ് ചെയ്യുന്ന 'മഴപ്പൊലിമ പദ്ധതി' ഉത്പാദന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് നിശ്ചയിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.54 എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഉരുളൻ തണ്ണിക്കരയിൽ വിമുക്തഭട കോളനിയിലെ തരിശുഭൂമി (ഫയൽ നം.30164/ഡി.ഡി.2/11/തസ്വഭവ)**

ഈ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കിയ ശേഷം വീണ്ടും പരിഗണിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.55 ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി (ഫയൽ നം.33637/എഫ്.എം.3/11/തസ്വഭവ)**

പ്രൊപ്പോസൽ അംഗീകരിച്ചു ധനസഹായം നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.56 കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (ഫയൽ നം.71332/ഐ.ബി.1)**

ഒരു കമ്പ്യൂട്ടറിന് 1000 രൂപ നിരക്കിൽ ഇൻസ്റ്റിറ്റ്യൂഷണൽ ചാർജ്ജ് അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.57 ഗ്രാമസഭ/വാർഡ് സഭ അംഗങ്ങൾക്ക് പരിശീലനം (ഫയൽ നം.52083/ഐ.ബി2)**

**(ഫയൽ നം.55641/ഡി.എ3)**

ഗ്രാമസഭ/വർഡ് സഭ പരിശീലനം സംഘടിപ്പിക്കുന്നതിന് 2000 രൂപ ക്രമത്തിൽ ചെലവഴിക്കുന്നതിന് അനുവാദം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.58 പാലാ നഗരസഭ ഓഡിറ്റ് ക്രമക്കേടുകൾ (ഫയൽ നം.28512/എഫ്.എം.1/11/തസ്വഭവ)**

ഈ സാമ്പത്തിക വർഷം 1813043/- രൂപ കുറവു ചെയ്യുന്നതിനും ബാക്കി തുക.യായ 5113474/- രൂപ രണ്ട് വാർഷിക ഗഡുക്കളായി കുറവു ചെയ്യാനും നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.59 പൂരക പോഷകാഹാര പരിപാടി - ബാക്കി തുയുടെ വിനിയോഗം**

**(ഫയൽ നം.72965/ഡിഡി2)**

ബ്ലോക്ക് പഞ്ചായത്തുകൾ ഈ ഇനത്തിൽ ശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി പദ്ധതി നടപ്പാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.60 കേരളീയം പ്രോജക്ട് (ഫയൽ നം.23825/ഡി.എ1)**

കെ.എസ്.എഫ്.ഡി.സി പ്രതിനിധികൾ കോഓർഡിനേഷൻ യോഗത്തിൽ പ്രസന്റേഷൻ നടത്തുന്നതിന് ഒരിക്കൽക്കൂടി ആവശ്യപ്പെടുക.

**2.61 നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ (ഫയൽ നം.41231, 42080/ഡി.എ1/11/ തസ്വഭവ)**

1. യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ, സുൽത്താൻ ബത്തേരി, വയനാട്
2. സൊസൈറ്റി ഫോർ എഡ്യുക്കേഷൽ & ഇന്റഗ്രൽ ഡെവലപ്മെന്റ്, അമ്പലവയൽ, വയനാട് എന്നീ സ്ഥാപനങ്ങൾക്ക് നിർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് അക്രഡിറ്റേഷൻ നൽകി തീരുമാനിച്ചു.

എത്ര അപേക്ഷകൾ പരിഗണിക്കാനുണ്ട് എന്ന് അടുത്ത യോഗത്തിൽ അറിയിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.62 വൈദഗ്ദ്ധ്യ പരിശീലനവും മറ്റും സംഘടിപ്പിക്കാനുള്ള അക്രഡിറ്റഡ് ഏജൻസി**

**(ഫയൽ നം.540/VIP/2011)**

വിശദമായ പരിശോധനാ റിപ്പോർട്ട് ലഭ്യമായശേഷം പരിഗണിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.63 തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള എച്ച്.ഐ.വി/എയ്ഡ്സ് നയം**

**(ഫയൽ നം. 3679/ഐ.ബി.2)**

കില തയ്യാറാക്കിയിട്ടുള്ള നയ സമീപന രേഖ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് അയച്ചു കൊടുത്ത് അഭിപ്രായം ആരായേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.64 ജനന, മരണ, വിവാഹ രജിസ്ട്രേഷൻ നിരക്ക് വർദ്ധിപ്പിക്കുന്നത്**

**(ഫയൽ നം. 33476/ഐ.ബി)**

ഇതു സംബന്ധമായ കൂടുതൽ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.65 മലപ്പുറം ജില്ല – മങ്കട, മേലാറ്റൂർ ഗ്രാമപഞ്ചായത്തുകളുടെ 1999–200 വർഷ പദ്ധതികൾ (ഫയൽ നം. 330709/ഡി.എ2/11 തസ്വഭവ)**

മങ്കട, മേലാറ്റൂർ ഗ്രാമപഞ്ചായത്തുകളുടെ നടപടി സാധൂകരിച്ച് നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

അടുത്ത യോഗം 09.11.11 ന് രാവിലെ 8.00 മണിക്ക് ബഹു: ഐ.റ്റി.& അർബൻ അഫയേഴ്സ് മന്ത്രിയുടെ ചേംബറിൽ കൂടുന്നതിന് നിശ്ചയിച്ചു.

യോഗം 5. മണിക്ക് അവസാനിച്ചു.

******